തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, ആലപ്പുഴ, കണ്ണൂർ, തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോട്ടയം.

(ബി) 16563.22 ലക്ഷം രൂപ.

(സി) നിബന്ധനകൾ പാലിച്ചുകൊണ്ടാണ് രണ്ടാം ഗഡുവിനുള്ള അപേക്ഷകൾ സമർപ്പിച്ചത്. സെപ്റ്റംബർ 30-നകം സമർപ്പിക്കുന്ന രണ്ടാം ഗഡുവിനുള്ള അപേക്ഷയോടൊപ്പം ആഡിറ്റ് റിപ്പോർട്ട് നൽകേണ്ടതില്ല എന്നാൽ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് രേഖകൾ വീണ്ടും നൽകിയിട്ടുണ്ട്.

(ഡി) പത്തനംതിട്ട രണ്ടാം ഗഡുവിനുള്ള അപേക്ഷയുടെ അഡ്വാൻസ് കോപ്പി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിനയച്ചിട്ടുണ്ട്.

(ഇ) ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

സുനാമി ദുരിതബാധിതർക്കു വേണ്ടി നടപ്പിലാക്കിയ പദ്ധതി

16 (*196) ശ്രീ. ജി. വിശ്വൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരിതബാധിതർക്ക് ആശ്വാസം നൽകുന്നതിനും നഷ്ടപ്പെട്ട ജീവിതം തിരിച്ചു നൽകുന്നതിനുമായി മത്സ്യമേഖലയിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ജീവനോപാധികളുടെ പുനഃസ്ഥാപനത്തിനായി എത്ര കോടി രൂപ ചെലവഴിച്ചു ;

(സി) മത്സ്യമേഖലയിൽ ഏതെല്ലാം പുതിയ പ്രോജക്ടുകൾ ആരംഭിച്ചു ;

(ഡി) സ്ത്രീകളുടെ ആക്ടിവിറ്റി ഗ്രൂപ്പുകൾ വഴി നടത്തുന്ന തൊഴിൽ സംരംഭങ്ങൾ വിജയകരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(എഫ്) മത്സ്യവിഭവങ്ങൾക്ക് പ്രാധാന്യം നൽകി ആരംഭിച്ച സീഫുഡ് കിച്ചണുകൾ കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സുനാമി ദുരിത ബാധിതർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ജീവനോപാധി പുനഃസ്ഥാപിക്കുന്നതിനുമായി സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി ഫിഷറീസ് വകുപ്പ് മുഖേന 45.2492 കോടി രൂപയുടെ സുനാമി അടിയന്തിര സഹായ പദ്ധതി (ടീപ്പ്), 23.29 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതി (ടി.ആർ.പി.), 21.2186 കോടി രൂപയുടെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള (പി.എം.എൻ.ആർ.എഫ്.) പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

(ബി) സുനാമി അടിയന്തിര സഹായ പദ്ധതിയിൽ പദ്ധതി തുകയായ 45.2492 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചു. 30-11-2010 വരെയുള്ള കണക്കുകൾ പ്രകാരം സുനാമി പുനരധിവാസ പദ്ധതിയിൽ 15.6164 കോടി രൂപയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള പദ്ധതിയിൽ 14.3812 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്.

(സി) സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധി പുനഃസ്ഥാപനത്തിനായി മത്സ്യ മേഖലയിൽ ടി.ആർ.പി., ടീപ്പ്, പി.എം.എൻ. ആർ.എഫ്. എന്നിവയ്ക്കു കീഴിൽ 71 തരം ചെറു പദ്ധതികൾ വിവിധ ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

(ഡി) സ്ത്രീകളുടെ പങ്കാളിത്തത്തോടെ നടത്തിവരുന്ന ഭൂരിപക്ഷം പദ്ധതികളും വിജയകരമാണ്. നിർവ്വഹണ ഏജൻസിതലത്തിലും, പ്രോജക്ട് ഇംപ്ലിമെന്റേഷൻ തലത്തിലും പ്രോജക്ട് ഡയറക്ടർ തലത്തിലും പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഇതിനു പുറമെ ജില്ലാകളക്ടർ ചെയർമാൻ ആയിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അതത് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമെങ്കിൽ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

(ഇ) തീരമൈത്രി പദ്ധതിക്ക് കീഴിൽ പ്രവർത്തനക്ഷമമായിട്ടുള്ള തൊഴിൽ സംരംഭങ്ങൾ മിക്കതും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കിയാണ് നടപ്പാക്കിയിട്ടുള്ളത്. ഇതുവരെ നടപ്പാക്കിയ പ്രധാന പദ്ധതികളിലെല്ലാം തന്നെ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

(എഫ്) സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം മത്സ്യഫെഡ് മുഖേന നടപ്പാക്കിയ സീഫുഡ് കിച്ചണുകൾ നടത്തുന്നതിന് തീരദേശത്തെ 10 വനിതകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. യൂണിറ്റൊന്നിന് 5.034 ലക്ഷം രൂപ അങ്കൽ ചെലവു വന്നതിൽ 4.03 ലക്ഷം രൂപ സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരമുള്ള ധനസഹായവും 75,000 രൂപ ബാങ്ക് ലോണും 25,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ധനസഹായത്തിനു പുറമെ രുചികരമായ മത്സ്യവിഭവങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഐ.എഫ്.പി.-യുടെ സഹായത്തോടെ പരിശീലനവും നൽകിയിട്ടുണ്ട്. കൂടാതെ കോവളത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി വഴിയും ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ സീഫുഡ് കിച്ചൺ യൂണിറ്റുകൾക്ക് വീണ്ടും സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ കഴിയില്ല. എന്നാൽ 2010-11 വർഷത്തിൽ തീരമൈത്രി എന്ന പേരിൽ ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയിൽ നിന്ന് ഈ യൂണിറ്റുകളുടെ തുടർച്ചയ്ക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കാൻ കഴിയും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലോകബാങ്ക് വായ്പ

17 (*197) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലോകബാങ്ക് വായ്പ ലഭ്യമാക്കുന്നതിനായി നടത്തിവന്ന ഉഭയകക്ഷി ചർച്ചകൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) എന്ത് തുകയുടെ ലോക ബാങ്ക് വായ്പയാണ് ഇപ്രകാരം ലഭ്യമാക്കുക എന്നതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ധാരണയായിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി ഇത്തരത്തിൽ ലഭിക്കുന്ന വായ്പ തുക വീതിച്ചു നൽകാൻ കഴിയുമോ ;

(ഡി) ഇപ്രകാരം ലഭ്യമാകുന്ന വായ്പയുടെ തിരിച്ചടവ് കാലാവധി, പലിശ നിരക്ക് എന്നിവ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) പ്രാഥമിക ചർച്ചകൾ പൂർത്തിയായിട്ടുണ്ട്.

(ബി) 200 ദശലക്ഷം ഡോളറിന്റെ വായ്പ ലഭ്യമാക്കാൻ സാമ്പത്തിക കാര്യവകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എക്സ്പെന്റിച്ചർ വകുപ്പിന്റെ ഡെബിറ്റ് സസ്റ്റെയിനബിലിറ്റി ക്ലിയറൻസും പ്രതീക്ഷിക്കുന്നു.

(സി) നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി വായ്പാ തുക വീതിച്ചു നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്. 25 വർഷം കൊണ്ട് 0.75% പലിശ നിരക്കിൽ വായ്പ തിരിച്ചടയ്ക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly